"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷകെടുതികൾ - എസ്.ഡി.ആർ.എഫ്. -എറണാകുളം ജില്ല - കൊച്ചി കോർപ്പറേഷൻ 58- ാം ഡിവിഷനിൽ പ്രിയദർശിനി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.219/2025/DMD    തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:-
1. 17.03.2023 ലെ സ. ഉ. (സാധാ) നം. 158/2023/ഡി.എം.ഡി
2. എറണാകുളം ജില്ലാകളക്ടറുടെ 25.03.2025 ലെ LSGD/JD/EKM/2264/2023-F1 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കൊച്ചി കോർപ്പറേഷൻ 58-ാം ഡിവിഷനിൽ പ്രിയദർശിനി റോഡ് പ്രവൃത്തി ടെൻഡർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറിൽ ആരും തന്നെ പങ്കെടുക്കാത്ത സാഹചര്യത്തിൽ നെഗോസിയേഷൻ നടപടികളിലൂടെ കരാറിലേർപ്പെട്ടിരുന്നെങ്കിലും ഭരണാനുമതി കാലയളവിനുള്ളിൽ പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കൊച്ചി കോർപ്പറേഷൻ 58-ാം ഡിവിഷനിൽ പ്രിയദർശിനി റോഡ് പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ഇനി ദീർഘിപ്പിച്ച് നല്കില്ല എന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് കൂടി ഭരണാനുമതി കാലാവധി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത പ്രസ്തുത കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് എറണാകുളം ജില്ലാകളക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, എറണാകുളം.

പ്രിൻസിപ്പൽ അകൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അകൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അകൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/82/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 05-04-2025 13:03:53

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്.